Deivarajyam May 2017
● R.N.7623/63
Registered No. KL/ALY/0020/2017-2019 ● R.N. 7623/1963
Date of publication: 1/5/2017
● Posted at Thodupuzha Stg.
Annual Subscription ₹ 100.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

വാല്യം 56
മെയ് 2017
ലക്കം 5





മെത്രാഭിഷേകത്തിന്റെ
40-ാം വാർഷികം ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്
രൂപതാകുടുംബത്തിന്റെ
അനുമോദനങ്ങളും...
പ്രാർത്ഥനാശംസകളും...



അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ
ഏപ്രിൽ മാസം 7-ാം തീയതി 40-ാം വെള്ളിയാഴ്ച മൂവാറ്റുപുഴയിൽ നിന്ന്
മലേക്കുരിശിലേക്ക് കാൽനടയായി നടത്തിയ തീർത്ഥയാത്ര.
2500 -ൽപരം വിശ്വാസികൾ തീർത്ഥയാത്രയിൽ പങ്കുചേർന്നു.

# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 56**
**മെയ് 2017**
**ലക്കം 5**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| 54-ാം ലോകദൈവവിളി ദിനം-സർക്കുലർ | 5 |
| രൂപതക്കച്ചേരി | 11 |
| മൈനർ സെമിനാരി | 18 |
| വിജ്ഞാനഭവൻ | 19 |
| വിദ്യാഭ്യാസം | 23 |
| ചെറുപുഷ്പമിഷൻലീഗ് | 24 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 25 |
| യുവദീപ്തി | 27 |
| ജീസസ് യൂത്ത് | 27 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 28 |
| മാതൃവേദി | 29 |
| ഡി.സി.എം.സ് | 30 |
| എ.കെ.സി.സി. | 30 |
| പ്രാർത്ഥനാഗ്രൂപ്പ് | 31 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 31 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | 32 |
| കേരളലേബർ മൂവ്മെന്റ് | 33 |
| നെസ്റ്റ് പ്രോഗ്രാം | 34 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 34 |
| ബിഷപ്പ്സ് പ്രോഗ്രാം | 37 |
| പ്രാർത്ഥനയിൽ ഓർക്കാം | 38 |
| നിര്യാതരായി | 38 |




## ഓർമ്മിക്കാൻ

### മെയ്

| | | |
|---|---|---|
| 3 | – | വൈദികവസ്ത്രസ്വീകരണം |
| 3-5 | – | Pre-Marriage Course |
| 5-6 | – | SSA Teacher's Training |
| 10-14 | – | മൂവാറ്റുപുഴ മേഖല കൺവെൻഷൻ |
| 13-14 | – | വിൻസെന്റ് ഡി പോൾ ധ്യാനം |
| 14 | – | മാതൃദിനം |
| 17-19 | – | Pre-Marriage Course |
| 18 | – | മിഷൻലീഗ് കേന്ദ്ര ഓഫീസ് വെഞ്ചരിപ്പ് |
| 23 | – | മാതൃവേദി റീജിയണൽ മീറ്റ് |
| 26 | – | ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സിനുള്ള ധ്യാനം |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 02 | : | വി. അത്തനേഷ്യസ് |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | : | വി. ഡൊമിനിക് സാവിയോ |
| 13 | : | വി. മത്തിയാസ് ശ്ലീഹാ |
| 25 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 31 | : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

# 54-ാം ലോകദൈവവിളി ദിനം
# 2017, മെയ് 7
## കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ
### അയയ്ക്കപ്പെടേണ്ടവർ

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

2017 മെയ് 7-ാം തീയതിയാണ് ആഗോള കത്തോലിക്കാസഭ ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായിട്ട് പ്രത്യേകം മാറ്റിവെച്ചിട്ടുള്ളത്. ഈ അവസരത്തിൽ ഫ്രാൻസിസ് മാർപാപ്പ നൽകുന്ന പ്രത്യേക സന്ദേശത്തിലെ ചില ഭാഗങ്ങൾ കേരളസഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. പ്രത്യേകിച്ചും സമർപ്പിത ശുശ്രൂഷാമേഖലകൾ ഇന്ന് കേരളത്തിൽ അനുഭവിക്കുന്ന പൊള്ളുന്ന യാഥാർത്ഥ്യങ്ങൾക്കുമുന്നിൽ സമചിത്തതയോടെയും തുറന്ന മനസ്സോടെയും ദൈവവിളികളെയും അവയുടെ വളർത്തു പ്രദേശങ്ങളെയും കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ദൈവവിളിയുടെ കാര്യത്തിൽ ഒരുപക്ഷേ ആഗോളസഭയിൽ തന്നെ ഇത്രയും വ്യത്യസ്തതയും ഇത്രകണ്ട് തീക്ഷ്ണതയും പ്രകടിപ്പിക്കുന്ന മറ്റൊരു ഭൂവിഭാഗവും ഇല്ലാത്തതിനാൽ നമ്മുടെ ചിന്തകൾക്കും ധ്യാനങ്ങൾക്കും അവിടെനിന്നും ഉരുത്തിരിയുന്ന പ്രവർത്തനങ്ങൾക്കും ഒരു ആഗോളമാനവും ശക്തിയും ഉണ്ട്. സേവനോന്മുഖമായ ഈ മേഖലയിൽ കർത്തവ്യനിരതരായിരിക്കുന്ന നമുക്ക് ഫ്രാൻസിസ് മാർപാപ്പയോടൊപ്പം ധ്യാനിക്കാം.

മൂന്ന് സുവിശേഷ ഭാഗങ്ങളെ ആസ്പദമാക്കിയാണ് പരിശുദ്ധ പിതാവ് ധ്യാനം ക്രമപ്പെടുത്തിയിരിക്കുന്നത്. അത് മൂന്നും ക്രിസ്തീയ മിഷണറി വിളിയുമായി ബന്ധപ്പെട്ടതുമാണ്. എല്ലാ ക്രിസ്ത്യാനികളും സുവിശേഷത്തിന്റെ മിഷണറിമാരാണെന്ന് പാപ്പ നിസ്സംശയം വ്യക്തമാക്കുന്നു. "ശിഷ്യന്മാരുടെ സമൂഹത്തെ ഉജ്ജീവിപ്പിക്കുന്ന സുവിശേഷ സന്തോഷം പ്രേഷിതവൃത്തിപരമായ ഒരു സന്തോഷമാണ്." (സുവിശേഷത്തിന്റെ സന്തോഷം, 21) ഇതുതന്നെയാണ് സകല ക്രിസ്തീയ വിശ്വാസികളുടെയും വിളിയും.

പ്രേഷിതപ്രവർത്തനമെന്ന ദൗത്യം ക്രിസ്തീയ ജീവിതത്തിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടതോ വിഘടിച്ച് നിൽക്കുന്നതോ ആയ ഒന്നല്ല. മറിച്ച് അത് വിശ്വാസത്തിന്റെ തന്നെ അത്യന്താപേക്ഷിതമായ ഘടകമാണ്. അതുകൊണ്ടുതന്നെ ക്രിസ്തീയ വിളി എന്നത് പ്രേഷിത



പ്രവർത്തനത്തിലേക്കുള്ള വിളി തന്നെയാണ്. 'അശുദ്ധമായ അധരങ്ങളുള്ളവരെയും അങ്ങനെയുള്ളവരുടെ കൂടെ വസിക്കുന്നവരെയും' തിരഞ്ഞെടുത്ത്, ശുദ്ധിചെയ്ത് അവർക്ക് അവിടുന്ന് കരുത്ത് പകരുന്നെങ്കിൽ അത് ക്രിസ്തുവിനുവേണ്ടി അയയ്ക്കപ്പെടാൻ തന്നെയാണ്. പൗരോഹിത്യവൃത്തിയിലേയ്ക്ക് നിസ്വാർത്ഥമായി തയ്യാറായി വന്നിരിക്കുന്നവർ ദേവാലയത്തിന്റെ വിശുദ്ധ സീമകളിൽനിന്നും ദൈവകരുണയുടെ ആർദ്രസ്നേഹം ഒഴുകുന്നിടത്തേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടവർ തന്നെയാണെന്ന് പൗരോഹിത്യത്തെ സ്മരിച്ചുകൊണ്ട് 2016-ൽ മാർപാപ്പ പറഞ്ഞത് ഇവിടെ നമ്മൾ ഒന്നുകൂടി ഓർമ്മിച്ചെടുക്കുന്നു. ഇത് പുരോഹിതന്മാർക്ക് മാത്രമല്ല സകലവിധ സന്യസ്തർക്കും ഉചിതമായ ചിന്തയാണ്. തങ്ങൾ തിരിച്ചറിഞ്ഞ അമൂല്യനിധി മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ തയ്യാറായവരും അതിനാൽ തന്നെ ഇതിന് കടപ്പെട്ടവരുമാണ്.

എന്താണ് വാസ്തവത്തിൽ ഈ പ്രേഷിതപ്രവർത്തനം? മൂന്ന് സുവിശേഷ ഭാഗങ്ങളിലൂടെ പാപ്പ അത് വിശദീകരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും സുവിശേഷത്തിന്റെ മിഷണറിമാരാണെന്നും ക്രിസ്തുവിനെ കൊണ്ടുപോകുന്നവരാകണമെന്നും പാപ്പ നിർദ്ദേശിക്കുന്നു. Every Christian is a Christopher : കർത്താവിനെ കൊണ്ടുപോകുന്നവർ.

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രർക്ക് സുവിശേഷം പകരുവാനായി അവിടുന്ന് എന്നെ നിയോഗിച്ചിരിക്കുന്നു" (ലൂക്ക 4:18-19) എന്നാണ് ലൂക്കാ സുവിശേഷകനിലൂടെ കർത്താവ് തന്റെ ജീവിതത്തിന്റെ അടയാളവും ദൗത്യവും വ്യക്തമാക്കുന്നത്. കർത്താവിന്റെ ആത്മാവ് തന്റെമേൽ ഉള്ളവൻ, നിയോഗിക്കപ്പെട്ടവൻ. ഏതൊരു ക്രിസ്ത്യാനിയും കൂദാശകളിലൂടെ സ്വീകരിച്ച പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ജീവിതത്തിന്റെ ദൗത്യമായി സുവിശേഷം ഏറ്റെടുക്കേണ്ടതുണ്ട്. ദൈവാത്മാവിനാൽ നിറയുവാനും അപരന്റെ ഉന്നമനത്തിന്റെ സുവിശേഷം അവർക്ക് എത്തിച്ചുകൊടുക്കുവാനും ഓരോ ക്രിസ്ത്യാനിയും നിയോഗിക്കപ്പെട്ടവനാണ്.

തിരുവചനത്തിലേയ്ക്കും ദിവ്യകാരുണ്യത്തിലേയ്ക്കും നമ്മെ കൊണ്ടെത്തിക്കുന്ന "തെരുവിന്റെ ആരാധനാക്രമമാണ്" മാർപാപ്പ എടുത്തുകാണിക്കുന്ന മറ്റൊന്ന്. എമ്മാവൂസ് യാത്രയിലെ ശിഷ്യന്മാരോടുചേർന്ന് കൂടെ നടന്നുകൊണ്ട് നിരാശയുടെ ഇരുളിനുമപ്പുറം പ്രത്യാശയുടെ പ്രഭാതങ്ങൾ കാട്ടിത്തരുന്ന ക്രിസ്തുവാണ് നമ്മുടെ ശക്തിയും ധൈര്യവും.

അധികാരേച്ഛയും മതഭ്രാന്തും സ്വജനപക്ഷപാതവും തുടങ്ങി സുവിശേഷ മൂല്യങ്ങൾക്കെതിരെ നിൽക്കുന്നവ സംഘടനാശൈലിയിലും പ്രവർത്തനരീതിയിലും നിറയുമ്പോൾ സേവനമോ പ്രേഷിതത്വമോ അല്ല മറിച്ച് മത്സരിക്കാനും കീഴടക്കാനുമുള്ള ത്വരയാണ് പ്രത്യക്ഷപ്പെടുക. അവിടെ പ്രസ്പഷ്ടമാകേണ്ടത് ദൈവം വളർത്തുന്ന നല്ല വിത്തുകളാണ്. വിത്തുവിതച്ച് രാപകൽ കാത്തിരുന്നിട്ട് ദൈവം മുളപ്പിക്കുന്നത് കണ്ട് ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നവരെപ്പോലെ നമ്മുടെ പരാധീനതകൾക്കുമപ്പുറം ദൈവം വളർത്തുന്ന പുതുനാമ്പുകൾ കണ്ട് ദൈവത്തിന് നന്ദി പറയാനാവണം നമുക്ക്.

ഇതിനൊക്കെയും വേണ്ടത് നിശബ്ദമായി പ്രവർത്തിക്കുന്ന ദിവ്യാത്മാവിനോടുള്ള തുറവിയാണ്. ദിവ്യകാരുണ്യനാഥനോടുചേർന്ന് ചിലവഴിക്കുന്ന മുഹൂർത്തങ്ങൾ ഈ വളർച്ചയുടെയും തിരിച്ചറിവുകളുടെയും നിലങ്ങൾ തന്നെയാണ്.

ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാസന്ദേശത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ആഗോളക്രൈസ്തവ സമൂഹത്തിന്റെ സമീപനരീതിയിലെയും മാനസികനിലയിലെയും മാറ്റങ്ങൾക്ക് പ്രചോദനമാകുകയാണ്. കേരളകത്തോലിക്കാസഭയുടെ ഇന്നത്തെ ശൈലികളുടെ വെളിച്ചത്തിൽ ചില സൂചനകൾ ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നാം തിരഞ്ഞെടുക്കേണ്ടതുണ്ട്. പരിശുദ്ധ പാപ്പ സൂചിപ്പിച്ച മൂന്ന് സുവിശേഷഭാഗങ്ങളെ ആസ്പദമാക്കി ചില ധ്യാനശകലങ്ങൾ മുന്നോട്ട് വയ്ക്കട്ടെ.

I. ദൈവം മുളപ്പിക്കുന്ന വിത്തുകളെ ധ്യാനിച്ച് പ്രവർത്തന മണ്ഡലങ്ങളിലേയ്ക്ക് നാം ഇറങ്ങിത്തിരിക്കേണ്ടതുണ്ട്.

1. ദൈവം നൽകിയ വിത്ത് വിതയ്ക്കുവാൻ ആളുണ്ടാകണം. 'ആരെ നിക്കായ് പോകും' എന്ന ചോദ്യം ഇന്നും പ്രസക്തമാണ്.
2. വിതക്കാരൻ നല്ല വിത്ത് ശേഖരിച്ച് വിതയ്ക്കണം. അത് ഔദാര്യമല്ല, ദൗത്യമാണ്. ദൈവവിളികളെ പിൻചെന്ന് പ്രേഷിതരാകുവാൻ കുട്ടികളെയും മുതിർന്നവരെയും ക്ഷണിക്കണം. വ്യക്തമായിത്തന്നെ.
3. പ്രത്യാശയോടെ കാത്തിരിക്കണം. വളർച്ച നൽകുന്നത് ദൈവമാണെന്നറിഞ്ഞുകൊണ്ട് വിതച്ചശേഷം പ്രാർത്ഥനാനിർഭരമായി കാത്തിരിക്കാനാകണം. വിശ്വാസപരിശീലകരുടെയും വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെയും പ്രവർത്തനത്തിന് അപ്പപ്പോൾതന്നെ പ്രതിഫലം വേണമെന്ന വാശി അരുത്.



II. നിരാശയുടെ യാമങ്ങളിലും തെരുവിന്റെ പ്രാർത്ഥനാക്രമങ്ങളുമായി ദൈവം കൂടെ നടക്കുന്നു എന്ന തിരിച്ചറിവിൽനിന്ന് നാം പ്രചോദിതരാകണം.

1. ശീലിച്ചുവന്ന ഘടന-സംഘടനാരീതികൾക്കുമപ്പുറം നിരാശയിലും ഇരുട്ടിലും ജീവിക്കുന്നവരുടെ കൂടെ നടന്ന് അവർക്ക് പ്രചോദനം നൽകുവാനും അവരുടെ കാഴ്ചകൾക്ക് തെളിമ നൽകുവാനും ആവണം ഓരോ ദൈവവിളിയും.
2. സഭാ നേതൃസ്ഥാനങ്ങളിൽ ഇരിക്കുന്നവരിലും നയിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നവരിലും മറ്റുള്ളവർ കാണേണ്ടത് അവരുടെ കൂടെ നടക്കുവാൻ തയ്യാറാകുന്ന യേശുവിനെയാണ്. സാബത്തിന്റെയും നിയമത്തിന്റെയും ചട്ടക്കൂടുകളും അധികാരത്തിന്റെയും സ്വഭാവവൈകല്യങ്ങളുടെയും പ്രതിഫലനവുമല്ല ദൈവകരുണയാണ് മറ്റുള്ളവർക്ക് വേണ്ടത്. ധാർഷ്ഠ്യവും അഹങ്കാരവും അധികാര-കുത്സിത ശ്രമങ്ങളും ക്രിസ്തുശിഷ്യർക്ക് ചേർന്നതല്ല. അവർ വിളിക്കപ്പെട്ടിരിക്കുന്നത് കരുണയിലേക്കാണ്.
3. ഓരോ പ്രേഷിത പ്രവർത്തനത്തിലും ക്രിസ്തു സഹസഞ്ചാരിയാണ് (സുവിശേഷത്തിന്റെ സന്തോഷം, 266).

III. ദിവ്യാത്മാവിനാൽ അഭിഷേചിതനായി ദരിദ്രർക്ക് സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ട കർത്താവിനെ ധ്യാനിച്ച് ഇനിയും ചില തിരിച്ചറിവുകൾ സ്വായത്തമാക്കണം.

1. ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് താൻ എന്ന തിരിച്ചറിവോടെ അഭിഷേകം ചെയ്യപ്പെട്ടവരും അയയ്ക്കപ്പെട്ടവരും പെരുമാറുക.
2. അഭിഷേകം ചെയ്യപ്പെട്ടത് സ്വന്തം കൂടാരത്തിലും സംരക്ഷിത കവചത്തിലും പരിലസിക്കാനല്ല. മറിച്ച്, ദൈവപദ്ധതി വിളിക്കുന്നിടത്തേയ്ക്ക് ഇറങ്ങിത്തിരിക്കാനാണ്. ദൈവാത്മാവിന്റെ അഭിഷേകത്തിന് അതിരുകൾ നിർവ്വചിച്ചുകൂടാ.
3. "ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ" വേണ്ടിയാണ് ഓരോ അഭിഷിക്തനും അയയ്ക്കപ്പെട്ടിരിക്കുന്നത്. സ്വന്തം വ്യക്തിമാഹാത്മ്യത്തെയോ പാരമ്പര്യത്തെയോ സംഘടനകളെയോ സമൂഹത്തെയോ അല്ല പ്രഖ്യാപിക്കേണ്ടത്.

ഫ്രാൻസിസ് മാർപാപ്പ പ്രചോദിപ്പിച്ച ചിന്തകളിൽനിന്ന് കേരളക ത്തോലിക്കാസഭയ്ക്ക് പ്രവർത്തനമണ്ഡലത്തിലെത്തിക്കുവാൻ ചില സൂചനകൾകൂടി നൽകട്ടെ.

1. ദൈവവിളി പ്രോത്സാഹനമേഖലയിൽ കൂടുതൽ പേർ പ്രവർ ത്തിക്കുക; പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക; കുടുംബ ങ്ങളിലും ഇടവകകളിലും രൂപതകളിലും ഇവരെ സ്വീകരിക്കുക.
2. വിളിക്കപ്പെട്ടതും നിയോഗിക്കപ്പെട്ടതും ക്രിസ്തുവിനാൽ ആക യാൽ കുടുംബങ്ങളിലും ഇടവകകളിലും ദൈവവിളി സ്വീകരിച്ച് പ്രേഷിതപ്രവർത്തനത്തിന് പോകാൻ താല്പര്യം കാണിക്കുന്ന കുട്ടികളെയും യുവതീയുവാക്കളെയും പ്രോത്സാഹിപ്പിക്കുക, അനുവദിക്കുക: തടയരുത്. "കുട്ടികൾ എന്റെ അടുക്കൽ വരുവാൻ അവരെ അനുവദിക്കുവിൻ."
3. ദിവ്യാത്മാവ് പ്രചോദിപ്പിക്കുന്നിടത്തേയ്ക്ക് പ്രേഷിതപ്രവർത്തനം നടത്തുവാനായി അർത്ഥികളെ അനുവദിക്കുക. മനുഷ്യ നിർമ്മിത ഘടനകൾ ക്രിസ്തുവിന്റെ പ്രവർത്തനത്തെ തടയരുത്. കുടുംബം, ഇടവക, റീത്ത്, സംസ്ഥാനം, രാജ്യം... ഇതൊക്കെ പരിധികളായി നിശ്ചയിക്കുന്നത് ദിവ്യാത്മാവിനോടുള്ള തുറവിയില്ലായ്മയാണ്. അറിവോടെ പരിശുദ്ധാത്മാവിനെതിരെ നാം പ്രവർത്തിക്കരുത്.
4. ദിവ്യകാരുണ്യകൂദാശയാണ് സകല ദൈവവിളികളുടെയും ശക്തി സ്രോതസ്സ് എന്നതിനാൽ എല്ലാ ഇടവകകളിലും ദൈവജനം പ്രാർത്ഥനയ്ക്കായി ഒത്തുകൂടുന്ന സകലയിടങ്ങളിലും ദൈവവിളി നിയോഗത്തിനായി ആരാധനകളും പ്രാർത്ഥനകളും സംഘടിപ്പി ക്കുക. ദൈവവിളി സ്വീകരിച്ച് സേവനപാതയിൽ ഇറങ്ങിത്തിരി ച്ചിരിക്കുന്നവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഇന്ന് കൂടിയിരിക്കുകയാണ്.
5. ഇസ്രായേൽ ജനം യുദ്ധത്തിൽ ജയിക്കാനായി മോശയുടെ കര ങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായികൾ ഉണ്ടായിരുന്നതുപോലെ പുരോഹിതരുടെയും സന്യസ്തരുടെയും ജീവിത മേഖലകളിൽ സഹായവും പ്രാർത്ഥനകളുമായി ഓരോ കുടുംബവും ഓരോ ഇട വകയും കൂടെ ഉണ്ടാകണം. ബലഹീന ജീവിതങ്ങളിൽ ആശ്വാസ ത്തിന്റെയും അനുകമ്പയുടെയും സമീപനങ്ങൾ വിശ്വാസികളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.
6. ഇടയ്ക്കിടയ്ക്ക് നിലനിൽക്കുന്ന ഉതപ്പ് നൽകുന്നതും അവഗണി



ക്കാനാകാത്തതുമായ മാനുഷിക ഇടർച്ചകളുടെയും ഭീതിപ്പെടു ത്തുന്ന സാമൂഹിക അരക്ഷിതാവസ്ഥകളുടെയും ഇടയിലും വിളി ക്കുന്നവൻ വിശ്വസ്തനാണെന്നും അവൻ കൂടെയുണ്ടാകുമെന്നും പരസ്പരം ഓർമ്മിപ്പിച്ച്, പ്രോത്സാഹിപ്പിച്ച് പ്രത്യാശയോടെ കർ ത്താവിനുവേണ്ടി കൂടുതൽ സേവനം ചെയ്യുവാൻ എല്ലാ അഭി ഷിക്തരും പരിശ്രമിക്കണം.

7. ക്രൈസ്തവ പൗരോഹിത്യവും സന്യാസവും ഇന്ന് പ്രത്യേകിച്ചും ഉന്നതമൂല്യമുള്ളതാണെന്ന തിരിച്ചറിവുമൂലമാണ് വല്ലപ്പോഴും സംഭവിക്കുന്ന വീഴ്ചകളെ മീഡിയ ആഘോഷങ്ങളാക്കുന്നത്. 'ഇത് ക്രിസ്തുവിന്റെ സഭയാണ്. ഒറ്റുകാരനായ യൂദാസിന്റേതല്ല' എന്ന ആത്മവിശ്വാസത്തോടെ ക്രിസ്തുവിനെയും സഭയെയും സ്നേഹി ക്കുവാനും ആ സ്നേഹം പ്രകടമാക്കുവാനും എല്ലാവരും പരിശ്രമി ക്കണം.

പ്രിയമുള്ളവരെ, സമൂഹത്തിന് അപമാനമായിരുന്ന കുരിശിനെ രക്ഷയുടെ ഉപാധിയാക്കി മാറ്റിയ ക്രിസ്തുവാണ് എല്ലാ ദൈവവിളി കളുടെയും അടിസ്ഥാനം. പിൻചെല്ലേണ്ടത് ക്രിസ്തുവിനെ തന്നെ യാണ്.

ദൈവവിളി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും കെ.സി. ബി.സി.-യുടെ പേരിൽ ആത്മാർത്ഥമായി നന്ദി പറയുന്നതോടൊപ്പം നിശിതമായി പാവങ്ങളുടെ പക്ഷം പിടിച്ചുകൊണ്ട് കരുണയോടെ പ്രവർത്തിക്കുവാൻ കൂടുതൽ നല്ല ഹൃദയങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
**ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ**
**ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം**
**വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ**
**ബിഷപ്പ് സാമുവൽ മാർ ഇരനേയോസ്**
**വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ**

NB: 2017 മെയ് 7-ാം തിയതി ഞായറാഴ്ച ഈ സർക്കുലർ കേരള ത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപ നങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീ കരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതക്കച്ചേരി

### *C. 53 /2017* കൃതജ്ഞത

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*Bishop*

### *C. 54 /2017* പ്രതിനിധിയോഗം തിരഞ്ഞെടുപ്പ്, നിയമാവലി ന. 255 ഭേദഗതി

പ്രതിനിധിയോഗത്തിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച്, 2016 ഡിസംസംബർ 20-ന് ചേർന്ന വൈദിക സമിതി നിർദ്ദേശപ്രകാരം, താഴെ പറയുന്ന ഭേദഗതി വരുത്തിയിരിക്കുന്നു. പ്രതിനിധിയോഗത്തിന്റെ കാലാവധി, പ്രത്യേക സാഹചര്യങ്ങളിൽ സ്ഥലമേലദ്ധ്യക്ഷൻ ദീർഘിപ്പിക്കുന്നില്ലെങ്കിൽ, മൂന്നുവർഷമായിരിക്കും (നിയമസംഗ്രഹം ന. 255). "ഇങ്ങനെ അടുപ്പിച്ച് രണ്ടു ടേം മാത്രമേ ഒരു വ്യക്തിക്ക് തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയുള്ളൂ" എന്നുകൂടി 255-ാം നമ്പറിനോട് കൂട്ടിച്ചേർക്കേണ്ടതാണ്.

*Bishop*

### *C. 55 /2017* കൈക്കാരൻ തിരഞ്ഞെടുപ്പ്

കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിന് നിലവിൽ പ്രത്യേക രീതി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ കൈക്കാരൻ സ്ഥാനത്തിനുവേണ്ടി വോട്ടിംഗ് ആവശ്യമായി വന്നാൽ (ഉദാ. നിലവിൽ രണ്ട് കൈക്കാരന്മാർ ഉള്ളിടത്ത് പൊതുയോഗം രണ്ടിൽ കൂടുതൽ പേരുകൾ കൈക്കാരൻസ്ഥാനത്തേക്ക് നിർദ്ദേശിക്കുകയാണെങ്കിൽ) രഹസ്യബാലറ്റ് വഴി വേണം തിരഞ്ഞെടുപ്പ് നടത്തുവാൻ.

*Bishop*

### *C. 56 /2017* ഈസ്റ്റർ, തിരുക്കർമ്മങ്ങളുടെ സമയം

ഈസ്റ്ററിന് രാവിലെ മൂന്നുമണിക്കും ക്രിസ്തുമസ്സിന് രാത്രി പന്ത്രണ്ടുമണിക്കും തിരുക്കർമ്മങ്ങൾ നടത്തുന്ന പതിവാണല്ലോ ഉള്ളത്. പരമ്പരാഗതമായി തുടർന്നുവരുന്ന ഈ സമയക്രമത്തിൽ മാറ്റം വരുത്തുന്ന ചില പ്രവണതകൾ അടുത്തയിടെ കണ്ടുവരുന്ന കാര്യം വൈദിക സമിതി ചർച്ച ചെയ്തു. സമിതിയിലെ മുഴുവൻ അംഗങ്ങളുടെയും അഭിപ്രായം പരിഗണിച്ച് മേല്പറഞ്ഞ പരമ്പരാഗതമായ സമയക്രമം എല്ലാ ഇടവകകളിലും പാലിക്കണം എന്ന കാര്യം പ്രത്യേകം നിഷ്കർഷിക്കുന്നു.



അതുപോലെ തന്നെ പെസഹാവ്യാഴം, ദുഃഖവെള്ളി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ രാവിലെ നടത്തുന്നതായിരിക്കും അഭികാമ്യം.

*Bishop*

### *C. 57 /2017* പാരീഷ്ഹാളിന്റെ ഉപയോഗം

ഇടവകയിലെ പാരീഷ് ഹാൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പ്രിന്റ് ചെയ്ത നിർദ്ദേശങ്ങൾ പാരീഷ് ഹാൾ ബുക്കു ചെയ്യുമ്പോൾ തന്നെ നല്കുന്നതു നല്ലതാണ്. പ്രോഗ്രാമിന്റെ തലേദിവസം രാത്രിയിൽ നിശ്ചിതസമയം വരെ മാത്രമേ ഒരുക്കങ്ങൾക്കായി നല്കേണ്ടതുള്ളൂ. വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ചും കൃത്യമായ നിർദ്ദേശങ്ങൾ നല്കണം. നല്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് പാരീഷ് കൗൺസിലിൽ ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

*Bishop*

### *C. 58/2017* മാതൃദിനം

മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനം. മാതൃത്വത്തിന്റെ മഹത്വത്തെപ്പറ്റി മാതാക്കളെ ബോധവതികളാക്കുന്നതിനും മക്കൾക്ക് അമ്മമാരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്നതിനും യോജിച്ച വിധത്തിൽ പരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുമല്ലോ.

*Bishop*

### *C. 59/2017* വൈദികരുടെ സ്ഥലംമാറ്റം

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റത്തിന്റെ ലിസ്റ്റ് 2017 മെയ് 1-ാം തീയതി തിങ്കളാഴ്ച രൂപതാ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വികാരിയച്ചന്മാരും സ്ഥാപനങ്ങളിലുള്ളവരും മെയ് 20-ാം തീയതിയും കൊച്ചച്ചന്മാർ മെയ് 27-ാം തീയതിയും ചാർജ് എടുക്കേണ്ടതാണ്.

*Bishop*

### *C.60/2017* വൈദികവസ്ത്ര സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വാഴക്കുളം ഇടവക മഠത്തിൽ ജോസഫ്, വാഴക്കാല ഇടവക മാറാട്ടിൽ പോൾസൺ, തൊടുപുഴ ഇടവക പ്ലാത്തോട്ടത്തിൽ മാത്യു, അംബികാപുരം ഇടവക പൊട്ടയ്ക്കൽ സെബാസ്റ്റ്യൻ, ബസ്ലഹം

ഇടവക വാമറ്റത്തിൽ ജോൺ എന്നിവർ മെയ് 3-ാം തീയതി ബുധ നാഴ്ച രാവിലെ 10.30-ന് കോതമംഗലം കത്തീഡ്രലിൽവച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽനിന്ന് വൈദികവസ്ത്രം സ്വീകരിക്കുന്നു. റീജൻസിക്കാലത്ത് ഇവർ ചെയ്ത സേവനങ്ങളെ നന്ദി യോടെ ഓർക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Syncellus*

### *C.61 /2017* **Monthly Recollection for Priests**

***Topic for discussion in June***

Read in common Nos. 641-650 of the Catechism of the Catholic Church.

*Syncellus*

### *C. 62 /2017* **രൂപതാഡയറക്ടറി**

2017-2018 വർഷത്തെ രൂപതാഡയറക്ടറി തയ്യാറാക്കിക്കൊണ്ടി രിക്കുകയാണ്. ഇതിൽ വരുത്തേണ്ട തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഉടൻതന്നെ രൂപതക്കച്ചേരിയിൽ അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

അയയ്ക്കേണ്ട വിലാസം: The Eparchial Curia, Bishop's House P. B . No. 6, 686 691, Kothamangalam E-mail: bishophouseklm@gmail.com

*Chancellor*

### *C. 63 /2017* **കുർബാനധർമ്മം**

വിശുദ്ധ കുർബാന ധർമ്മം രൂപതക്കച്ചേരിയിൽ ഏല്പിക്കു മ്പോൾ പതിനായിരം രൂപയിൽ താഴെ മാത്രമേ പണമായി സ്വീകരി ക്കുകയുള്ളൂ എന്ന കാര്യം ഒരിക്കൽകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ചെക്ക് നല്കുകയോ തുക ബാങ്കിൽ നിന്നും ട്രാൻസ്ഫർ ചെയ്യുകയോ ആകാം.

*Chancellor*

### *C. 64 /2017* **ആവോലിച്ചാൽ സ്റ്റേഷൻ പള്ളി**

നേര്യമംഗലം ഇടവകയുടെ ഭാഗമായി ആവോലിച്ചാലിൽ ബഹു. ഇമ്മാനുവേൽ വട്ടക്കുഴി അച്ചൻ രൂപതയ്ക്കു നൽകിയ സ്ഥലത്ത് സ്ഥല വാസികളുടെ ആവശ്യപ്രകാരം ഒരു താല്ക്കാലിക സ്റ്റേഷൻ പള്ളി ആരംഭിക്കുകയും ഞായറാഴ്ചകളിൽ വി. കുർബാന ചൊല്ലുവാനായി ബഹു. ജേക്കബ് തലാപ്പിള്ളിൽ അച്ചനെ നിയമിക്കുകയും ചെയ്തു. (O. No. 953/2016)

*Chancellor*



### *C. 65 /2017* **തിരട്ട്**

തിരട്ടിനൊപ്പം തൻവർഷം നല്കേണ്ട തുകകളുടെ വിശദവിവര ങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Cheque I - | Bishop's House, Kothamangalam പേരിൽ<br>തിരട്ടുഫീസ്<br>ഡിറക്ടറി, ദൈവരാജ്യം etc.<br>പിഴയിനം<br>കുടിശിക |
| II | Cheque II - | Bishop's House, Kothamangalam പേരിൽ<br>ക്ലർജി റിലീഫ് ഫണ്ട് -തിരട്ടുഫീസ് കൊള്ളി ക്കുന്ന തുകയുടെ 3% & ഞായറാഴ്ചപ്പിരിവിന്റെ 1% |
| III | Cheque III - | Diocese of Kothamangalam പേരിൽ<br>രൂപതപ്പിരിവുകൾ (13 എണ്ണം)<br>ഞായറാഴ്ച പിരിവിന്റെ 1%<br>സിനഡൽ ന്യൂസിന്റെ വരിസംഖ്യ |

Software ഇൻസ്റ്റാൾ ചെയ്തയിനത്തിൽ ₹ 2000 കൂടി തൻവർഷ തിരട്ടിനൊപ്പം ഹാജരാക്കേണ്ടതാണ്.

*Procurator*

### *C. 66 /2017* **Care a Family ഉദ്ഘാടനം**

കോതമംഗലം രൂപതയുടെ സമഗ്രകുടുംബക്ഷേമപദ്ധതിയായ Care a Family -യുടെ ഉദ്ഘാടനം ഏപ്രിൽ മാസം 29-ാം തീയതി ബിഷപ്സ് ഹൗസിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹി ച്ചു. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളിൽ ഏവരുടെയും സാന്നി ദ്ധ്യസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

*Co-ordinator*

### *PWA. 2 /2017* **Priests' Welfare Association (PWA)**

PWA Fund ലേക്കായി സ്ഥാപനവിഹിതം ₹ 5625 ഉം അംഗങ്ങ ളുടെ വിഹിതം ₹ 5725 ഉം ആണ് തൻവർഷം ഹാജരാക്കേണ്ടത്. ടി തുകകൾ പണമായിട്ടാണ് നൽകേണ്ടത്.

PWA executive കമ്മിറ്റിയോഗം 2017 മെയ് മാസം 10-ാം തീയതി 3.00 pm ന് ബിഷപ്സ് ഹൗസിൽ വച്ച് കൂടുന്നതാണ്.

*Secretary*

*JS.5 /2017* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ മെയ് 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2017-2018 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പ് പരീക്ഷ എഴുതേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർക്കും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.**

സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

*Secretary*

*Pr. C 4 /2017* **Report of the Presbyteral Council held on Tuesday, April 25, 2017**

An ordinary meeting of the Presbyteral Council was held on Tuesday 25 April 2017 at the Bishop's House. H.E. Bishop Mar George Madathikandathil presided over the meeting. Twenty eight members participated. The meeting started with a prayer at 10. 00 a.m. V. Rev. Mgr. George Oliapuram welcomed the participants. The report of the previous meeting was read out and it was passed. After the introductory talk the President introduced the topics of the agenda.



The first topic on the agenda was the faith formation in parishes and the present day challenges with regard to that. The general opinion of the members was that there existed disinterest both on the part of the parents and of the students. It was evaluated that even among the grownups there was unprecedented rejection of faith and desertion of Catholic Church for silly reasons. The president reminded the members that only through a formal procedure can a person be excluded from Catholic Communion, consequently denying him/her ecclesiastical rights. However, it was the spirit of the Church to bring the dissenting minds back to the Church through benign attitude and skilled pastoral management and at the same time implementing prudently the ecclesiastical laws and regulations. Following this, related topics such as maintaining the genuine Christian traditions with regard to the baptismal names, the norms regarding denial of ecclesiastical burial and so on were also discussed.

Another topic for discussion was giving a spiritual orientation for sacristans. It was suggested that a two days' class on their duties and ministry be conducted for them at the diocesan level. Giving orientation classes for the *Kaikars* and the parish council members was also discussed. The suggestion to arrange separate classes for them after July 3rd was accepted by all. Following this the procedure of election of *kaikars* was discussed. It was brought to the notice of the members that there existed no specific norm regarding election of *Kaikars* in the diocesan statutes. After evaluating the existing practices, it was concluded that should there arise a need of voting (i.e., when the *pothuyogam* suggests more names than the actually needed number) the election be done through secret ballot. Regarding the qualifications for being elected *Kaikar* or parish council member the president advised to follow the norms already given.

Next topic for discussion was the diversification of crops at Pareekanny estate. Rev. Fr. Augustine Vattakatt explained the context that necessitated such a discussion. The council unanimously accepted the proposal in principle and suggested to make proper study on the matter consulting experts.

Another topic of the agenda was organizing palliative care voluntary groups in each parish with the assistance of trained persons equipped to give palliative care to the poor and the bed-ridden patients staying at home. The members accepted the proposal gladly. It was proposed that the training program for such persons would be conducted at the diocesan level.

The president then sought the opinion of the council regarding the launching of CARE A FAMILY program on 29 December 2017 on the occasion of the pastoral council meeting. The council wholeheartedly accepted the proposal.

The council then dealt with the topic administration of educational institutions in the present political scenario. The Corporate Education Secretary explained the difficulties involved in the process of admissions and appointments and the emerging challenges to be faced in the near future. The council opined to deal with the matter consulting with other corporate agencies.

One member called the attention of the president to the discrepancies in the time schedule for the liturgical ceremonies during Easter and Christmas night in various parishes. The council unanimously stood for adhering to the traditional time schedule for these celebrations, viz., 12.00 am for Christmas Mass and 3.00 am for Easter Mass. To the query regarding the time of liturgical functions on Maundy Thursday and Good Friday, the president replied that it was advisable to conduct those liturgical functions in the morning itself.

Another member suggested giving some common instructions regarding the use of parish halls, such as fixing a time limit for arrangements during the previous night, fixing norms regarding waste management and so on. It was concluded to give black and white instructions regarding the use of auditoriums at the time of booking, after due consultation with the parish council.

The president then thanked the members for their presence and active participation. With the concluding message and prayer, the meeting came to an end by 1.00 pm.

Secretary



# മൈനർ സെമിനാരി

### *MS 16 /2017* പ്രാർത്ഥനാശംസകൾ

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന മുതലക്കോടം ഇടവക ആക്കപ്പടിക്കൽ പോൾ, മീങ്കുന്നം ഇടവക കച്ചിറപാറേക്കുടിയിൽ മാർട്ടിൻ, കോലടി ഇടവക കാഞ്ഞിരക്കൊമ്പിൽ ജോസഫ്, തൊമ്മൻകുത്ത് ഇടവക കുന്നുംപുറത്ത് ജോസഫ്, കല്ലൂർക്കാട് ഇടവക താണികുന്നേൽ അലക്സ്, ഈസ്റ്റ് വാഴപ്പിള്ളി ഇടവക വിളയപ്പിള്ളി ആന്റണി എന്നിവർ 2017 ഏപ്രിൽ 8-ാം തീയതി  മൈനർ സെമിനാരിയിൽ വച്ച് മ്ശംശാനപട്ടം സ്വീകരിച്ചു. ഇവർക്ക് സെമിനാരി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ!

### *MS 17 /2017* ഹെവ്പ്പദ്യാക്കോന- കാറോയൂസ പട്ട സ്വീകരണം

2017 മെയ് 3-ാം തീയതി രാവിലെ 10.30-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് ഊന്നുകൽ ഇടവക തറപ്പിൽ മാത്യു ഹെവ്പ്പദ്യാക്കോന പട്ടവും കോതമംഗലം ഇടവക ഇടത്തല ജോർജ്, മുതലക്കോടം ഇടവക കുന്നത്ത് സ്കറിയ, കാളിയാർ ഇടവക കൊച്ചുപുത്തൻപുരയിൽ ജോസഫ്, വാഴക്കുളം ഇടവക നെടുങ്ങാട്ട് ജോർജ്, അരിക്കുഴ ഇടവക നെടുംപുറത്ത് സെബാസ്റ്റ്യൻ, നെടുങ്ങപ്ര ഇടവക പാറേമാൻ പീറ്റർ, വടാട്ടുപാറ ഇടവക മഠത്തിൽ ജോസഫ്, കാവക്കാട് ഇടവകാംഗങ്ങളായ വടക്കേടത്ത് ജോസഫ്, വള്ളോംകുന്നേൽ ജോസഫ്, പൈങ്ങോട്ടൂർ ഇടവക വെള്ളാംകുന്നേൽ എമ്മാനുവേൽ എന്നിവർ കാറോയൂസ പട്ടവും വാഴക്കുളം ഇടവക മഠത്തിൽ ജോസഫ്, വാഴക്കാല ഇടവക മാറാട്ടിൽ പോൾസൺ, തൊടുപുഴ ഇടവക പ്ലാത്തോട്ടത്തിൽ മാത്യു, അംബികാപുരം ഇടവക പൊട്ടയ്ക്കൽ സെബാസ്റ്റ്യൻ, ബസ്ലേഹം ഇടവക വാമറ്റത്തിൽ ജോൺ എന്നിവർ വൈദികവസ്ത്രവും സ്വീകരിക്കുന്നു. ഇവരെ നമുക്ക് നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.

### *MS 18 /2017* Talent Scan

മൈനർ സെമിനാരിക്കാർക്കായി മദ്ധ്യവേനൽ അവധിക്കാലത്ത് നടത്താറുള്ള ടാലന്റ് സ്കാൻ ഏപ്രിൽ 10, 11 തീയതികളിൽ നടന്നു. ടാലന്റ് സ്കാനിനുശേഷം വൈദികവിദ്യാർത്ഥികൾ മലയാറ്റൂർ തീർത്ഥാടനം നടത്തി.

*MS 19/2017* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Tomy Thomas Vadakkedath, Kalloorkad | ₹ 5000 |
| 2 | P.J. Joseph Puthiaparambil Nirmalamatha, Muvattupuzha | ₹ 10000 |
| 3 | George Peter Parankimalil, Nellimattam | ₹ 5000 |
| 4 | St. Ann's Church, Kodikulam | ₹ 21000 |
| 5 | James Namattathil, Karakunnam | ₹ 1000 |
| 6 | Rev. Fr. James Vadakkekudy | ₹ 40000 |
| 7 | Mr. Michael Mathew Edattu, Anicadu | ₹ 25000 |
| 8 | CMC Provincial House, Kothamangalam | ₹ 100000 |
| 9 | St. Sebastian's Church, Kottapady | ₹ 10000 |
| 10 | Jose Joseph Nedungattu, Vazhakulam | ₹ 40000 |
| 11 | Joy Varghese Madeckal, Muvattupuzha | ₹ 9000 |
| 12 | Francis Painumkal, Muvattupuzha | ₹ 5000 |
| 13 | Joseph Chemparathy, Muthalakodam | ₹ 2000 |
| 14 | St. Thomas Church, Kolady | ₹ 5000 |
| 15 | Sunny John Choriamthadathil, Vazhakulam | ₹ 5000 |
| 16 | Little Flower Church, Pallickamury | ₹ 25000 |

*Rector*

## വിജ്ഞാനഭവൻ

*V. 39/2017* **സൺഡേ സ്കൂൾ HM, അദ്ധ്യാപകരുടെ എണ്ണം**

കഴിഞ്ഞ വർഷത്തെ സൺഡേ സ്കൂൾ HM ആരെങ്കിലും മാറുന്നുണ്ടെങ്കിൽ പുതിയ HM-ന്റെ പേരും ഫോൺ നമ്പറും അദ്ധ്യാപകരുടെ എണ്ണവും വിജ്ഞാനഭവൻ ഓഫീസിൽ മെയ് 5-ന് മുമ്പ് അറിയിക്കേണ്ടതാണ്.

*V. 40/2017* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി തീരുമാനങ്ങൾ**

2017 ഏപ്രിൽ 20-ാം തീയതി വ്യാഴാഴ്ച രൂപതാ കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഈ വർഷത്തെ ക്യാറ്റകെറ്റിക്കൽ കമ്മിറ്റി യോഗം ചേർന്നു. ഇക്കാലഘട്ടത്തിൽ വിശ്വാസപരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതിനെപ്പറ്റി അഭിവന്ദ്യ പിതാവ് വ്യക്തമാക്കി. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള വിശ്വാസപരിശീലനം കാലഘട്ടത്തിന്റെ ആവശ്യമാണ്. എല്ലാ ഇടവകകളിലും ബൈബിൾ നേഴ്സറികൾ തുടങ്ങേണ്ടതിന്റെ ആവശ്യകതയും പിതാവ് സൂചിപ്പിച്ചു. 38 പേർ യോഗത്തിൽ പങ്കെടുത്തു. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.



1 10,11,12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി അവസാനത്തോടുകൂടി നടത്താൻ തീരുമാനിച്ചു. മറ്റു ക്ലാസ്സുകളിലെ പരീക്ഷകൾ മുൻവർഷങ്ങളിലെപ്പോലെ തന്നെ നടത്തുന്നതാണ്. പരീക്ഷയ്ക്ക് ശേഷവും വിശ്വാസോത്സവം വരെയുള്ള ഞായറാഴ്ചകളിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നു എന്നുറപ്പുവരുത്താൻ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

2 കുട്ടികളുടെ എണ്ണമനുസരിച്ച് സൺഡേ സ്കൂളുകളെ A, B, C, D എന്നീ വിഭാഗങ്ങളായി തിരിക്കാൻ തീരുമാനമെടുത്തു.

| | | |
|---|---|---|
| A | - | 451 മുതൽ |
| B | - | 251 മുതൽ 450 വരെ |
| C | - | 101 മുതൽ 250 വരെ |
| D | - | 1 മുതൽ 100 വരെ |

3 സൺഡേ സ്കൂളുകൾക്ക് ഷോർട്ട് ഫിലിം മത്സരം ഉണ്ടായിരിക്കുന്നതാണ്.

4 സ്കൂളുകൾക്കായി ആക്ഷൻ സോംഗ് മത്സരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത മത്സരത്തിൽ സൺഡേ സ്കൂളുകൾക്കും പങ്കെടുക്കാവുന്നതാണ്.

5 ബൈബിൾ നേഴ്സറി ഇതുവരെയും ആരംഭിക്കാത്ത ഇടവകകളിൽ ഈ വർഷം മുതൽ ആരംഭിക്കേണ്ടതാണ്.

6 പിടിഎ കൺവെൻഷൻ ഈ വർഷവും നടത്താൻ തീരുമാനിച്ചു.

7 വിശ്വാസോത്സവം നാലു ദിവസവും സമയകൃത്യതയോടെ (ദിവസവും 6 മണിക്കൂർ വീതം) നടത്തേണ്ടതാണ്.

8 സൺഡേ സ്കൂളുകൾക്ക് 'കെയർ എ ഫാമിലി'യിൽ ഉപകാരികളാകാവുന്നതാണ്.

9 IV, VII, X ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷകളുടെ സമ്മാനങ്ങൾ ഇനി മുതൽ ഫൊറോന തലത്തിലായിരിക്കും. പരീക്ഷാ സെന്ററുകൾ മുമ്പത്തെപോലെതന്നെ എഴെണ്ണമായിരിക്കും.

10 എല്ലാ ഇടവകകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആരംഭിക്കണം.

11 രണ്ട് സെമസ്റ്ററിലും സേ പരീക്ഷകൾ ഉണ്ടായിരിക്കും. ഓരോ സെമസ്റ്ററിലും 40 ശതമാനമെങ്കിലും മാർക്കും ഇന്റേണൽ അസ്സെസ്സ്മെന്റിന് 20-ൽ 8 മാർക്കും ലഭിച്ചാലേ പാസ്സാകുകയുള്ളൂ.

*V. 41/2017* **SAY EXAM**

**രജിസ്ട്രേഷൻ : 2017 മെയ് 1 മുതൽ 8 വരെ.**

**ഫീസ് ₹ 20**

**പരീക്ഷ : മെയ് 14 ഞായർ**

സമയം : 11.00 am - 1.00 pm

**റിസൽട്ട് : മെയ് 22 തിങ്കൾ**

- രണ്ടു സെമസ്റ്ററുകളിലും പരാജയപ്പെട്ടവർക്കും, ഫസ്റ്റ് സെമസ്റ്റർ/ സെക്കന്റ് സെമസ്റ്റർ ഏതെങ്കിലും ഒരണ്ണത്തിൽ പരാജയപ്പെട്ടവർക്കും SAY Exam എഴുതാവുന്നതാണ്.
- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 13 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 20-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.
- രണ്ടു സെമസ്റ്ററിൽനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

*V. 42/2017* **വിശുദ്ധരുടെ പുസ്തകം**

I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം 2017-2018 അദ്ധ്യയനവർഷത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഇതിനായി ഓർഡർ ഫോം പൂരിപ്പിച്ച് നൽകാത്തവർ മെയ് 5-ന് മുമ്പ് നൽകേണ്ടതാണ്.

*V. 43/2017* **SCC, HCC Result**

മെയ് 2-ാം തീയതി റിസൽട്ട് പ്രഖ്യാപിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 2 മുതൽ മെയ് 14 വരെ. ഇന്റേണൽ മാർക്ക് പ്രത്യേകം എഴുതാത്തവർ എഴുതി കൊണ്ടുവരേണ്ടതാണ്.

*V. 44/2017* **വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ ജൂൺ മാസം 10-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷത്തെ മികച്ച സൺഡേസ്കൂളുകൾക്കും, ഷോർട്ട് ഫിലിം മത്സര വിജയികൾക്കും ഉള്ള സമ്മാനങ്ങൾ തദവസരത്തിൽ നൽകുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.



*V. 45/2017* **HM & സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്**

2017 മെയ് മാസം 21-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നമ്മുടെ രൂപതയിലുള്ള എല്ലാ സൺഡേസ്കൂളുകളിലെയും HM & Staff Secretary മാരുടെ മീറ്റിംഗ് ഒരുക്കിയിരിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേരേണ്ടതാണ്. **അന്നേദിവസം വി. കുർബാനയോടുകൂടിയായിരിക്കും മീറ്റിംഗ് ആരംഭിക്കുക.**

*V. 46/2017* **പ്രവേശനോത്സവം**

2017 മെയ് 28 ഞായറാഴ്ച പുതിയ അദ്ധ്യയനവർഷം തുടങ്ങുകയാണല്ലോ. അന്നേദിവസം ഇടവകകളിൽ പ്രവേശനോത്സവമായി ആചരിക്കുന്നത് ഉചിതമായിരിക്കും. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതും അവർക്ക് ചെറിയ സമ്മാനങ്ങൾ നല്കുന്നതും അവരിൽ കൂടുതൽ താല്പര്യം ഉണർത്തുന്നതിന് സഹായിക്കും. അവരുടെ മാതാപിതാക്കന്മാരെ കുട്ടികളുടെ കുർബാനയ്ക്ക് വരുവാൻ പ്രേരിപ്പിക്കുകയും പ്രവേശനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

ഇടവകയിലെ വിശ്വാസപരിശീലന പരിപാടികൾക്ക് ഭാവുകങ്ങൾ നേരുന്നു. ഇതിനായി സമർപ്പണബോധത്തോടുകൂടെ മുന്നോട്ടുവന്നിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*V. 47/2017* **സൺഡേസ്കൂൾ പുസ്തകങ്ങൾ**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ വിതരണം മെയ് 20-ാം തീയതി തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുസ്തകം എത്തി എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരുക.

*V. 48/2017* **ട്രോഫികൾ**

കഴിഞ്ഞവർഷം മികച്ച സൺഡേ സ്കൂളുകൾക്ക് ലഭിച്ച ട്രോഫികൾ മെയ് 15-ന് മുമ്പ് വിജ്ഞാനഭവനിൽ ഏല്പിക്കേണ്ടതാണ്.

*V. 49/2016* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സിഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn.18 /2017* **The Managers/HMs of all Schools**

2017-18 സ്കൂൾ വർഷത്തേക്കു കടക്കുമ്പോൾ പ്രധാനപ്പെട്ട ചില കാര്യങ്ങൾ അദ്ധ്യാപകരുടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു. 2016-17 അദ്ധ്യയന വർഷത്തിൽ ഉണ്ടായിരുന്ന ഡിവിഷനുകൾ നഷ്ടപ്പെടാതിരിക്കാൻ എല്ലാ അദ്ധ്യാപകരും അനദ്ധ്യാപകരും പരിശ്രമിക്കണം. 2017-18 സ്കൂൾ വർഷത്തിലെ ഡിവിഷൻ സംബന്ധിച്ചുള്ള റിപ്പോർട്ട് 2017 മെയ് 25നകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. (Division fall & New Divisions).

Long leave എടുക്കാൻ ഉദ്ദേശിക്കുന്നവർ മൂന്നുമാസം മുമ്പ് യഥാവിധി പൂരിപ്പിച്ച leave applications ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ഈ ഓഫീസിൽ നിന്നാണ് ഗവൺമെന്റിലേക്ക് അയയ്ക്കേണ്ടത്. ലീവിന് അപേക്ഷിക്കുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ ലീവ് പാസ്സാക്കി എടുക്കേണ്ടതാണ്. ലീവ് പാസ്സാക്കാതെ സ്വദേശം വിടാൻ പാടില്ലെന്നാണ് ഗവൺമെന്റ് നിയമം. ഈ നിയമം ലംഘിക്കുന്നവരുടെ പേരിൽ ശിക്ഷണനടപടിക്ക് ഗവൺമെന്റ് ഉത്തരവുണ്ട്. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം സ്റ്റാഫിന്റെ ശ്രദ്ധയിൽപെടുത്തണം.

*Edn. 19/2017* **സ്പെഷ്യൽ ക്ലാസ്സുകൾ**

പത്താം ക്ലാസിലും +2 വിലും പഠിക്കുന്ന കുട്ടികൾക്ക് പതിവുപോലെ മെയ് മാസം മുതൽ സ്പെഷ്യൽ ക്ലാസ്സുകൾ തുടങ്ങേണ്ടതാണ്.

*Edn. 20/2017* **Staff Statement as on 01-06-2017**

Staff Statement പൂരിപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പേര്, അഡ്രസ്, ജനനത്തീയതി, റിട്ടയർമെന്റ് തീയതി, Continuous Service തീയതി, മൊബൈൽ ഫോൺ നമ്പർ, Qulification with subject എന്നീ കാര്യങ്ങൾ കൃത്യമായി എഴുതണം.

*Edn. 21 /2017* **കോതമംഗലം രൂപത സ്ഥാപനമായ വാഴക്കുളം സെന്റ് ജോർജ് ടി.ടി.ഐ. -യിൽ 2017-18 വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു**

വാഴക്കുളം സെന്റ് ജോർജസ് ടി.ടി.ഐ.-യിൽ ഡിപ്ലോമ ഇൻ എഡ്യൂക്കേഷനിലേക്ക് (D.Ed or TTC) അപേക്ഷകൾ ക്ഷണിക്കുന്നു.



പ്ലസ്ടു വിഷയങ്ങൾക്ക് 50% മാർക്ക് ലഭിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ് (Aggregate 50%). താല്പര്യമുള്ളവർ വാഴക്കുളത്തുള്ള ടി.ടി.ഐ. ഓഫീസിൽ നിന്നും അപേക്ഷഫോറം വാങ്ങി പൂരിപ്പിച്ച് നൽകേണ്ടതാണ്. എയ്ഡഡ് സ്ഥാപനമായതിനാൽ ട്യൂഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. **ബന്ധപ്പെടേണ്ട വിലാസം:** പ്രിൻസിപ്പൽ, സെന്റ് ജോർജ് ടി.ടി.ഐ., വാഴക്കുളം, Ph. 0485 - 2260524, 9946403257

**NB.** ഈ വിവരം ബഹുമാനപ്പെട്ട വികാരിയച്ചൻ ദയവായി പള്ളിയിൽ അറിയിക്കണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 27 /2017* **കാരുണ്യ ഡയറി നിർമ്മാണം**

കാരുണ്യവർഷത്തോടനുബന്ധിച്ച് രൂപതാതലത്തിൽ നടത്തിയ 'കാരുണ്യത്തിന്റെ മാലാഖ-മദർ തെരേസ' ഡയറി നിർമ്മാണ മത്സരത്തിൽ വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1 അന്ന ബോബി സണ്ണി, കത്തീഡ്രൽ ശാഖ
2 ജെറിൻ ജയിംസ്, ആരക്കുഴ ശാഖ
3 അമിത ബിനോയ്, നെടിയകാട് ശാഖ

**സമ്മാനത്തിനർഹരായവർ**

I ഡോണ ബിനു, വണ്ണപ്പുറം
II ആൻസ് മരിയ സണ്ണി, ആനിക്കാട്
III അന്ന ജോസ്, ഈസ്റ്റ് മാറാടി

**പ്രോത്സാഹന സമ്മാനത്തിനർഹരായവർ**

ലിസ് തെരേസ് പ്രിൻസ് മാലിപ്പാറ, അനിമോൾ ടി. എസ്. കത്തീഡ്രൽ, അല്ക്സാണ്ടർ ജോസ് സിജു തൊടുപുഴ, അൽഫോൻസ ജോയ് മാതിരപ്പിള്ളി, ബിയ വിൽസൺ നെടിയശാല, മാർട്ടിൻ സോജൻ നെയ്യശ്ശേരി, ഡോണ മേരി സണ്ണി നെടിയശാല, അനൂപ മാത്യു നെയ്യശ്ശേരി, ബിനിറ്റ തെരേസ് ബിജു ആരക്കുഴ, ആൻലി മിൽട്ടൺ, ജിത്ത് ജോളി, ഈസ്റ്റ് വാഴപ്പിള്ളി ശാഖ, പന്നിമറ്റം, മലയിഞ്ചി, നീണ്ടപാറ, കദളിക്കാട്, മൂവാറ്റുപുഴ ഈസ്റ്റ്, നെല്ലിക്കുഴി, പൈങ്ങോട്ടൂർ, നാടുകാണി

*CML 28 /2017* **മിഷൻലീഗ് കേന്ദ്ര ഓഫീസ് വെഞ്ചരിപ്പ്**

മിഷൻലീഗ് തൊടുപുഴ കേന്ദ്ര ഓഫീസിന്റെ നിർമ്മാണം പൂർത്തി

യായി വരുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. പുതിയ ഓഫീസ് മന്ദിരത്തിന്റെ വെഞ്ചരിപ്പ് മെയ് 18-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കുന്നു. ഏവരേയും വെഞ്ചരിപ്പ് കർമ്മത്തിലേക്ക് സ്നേഹപൂർവം ക്ഷണിക്കുന്നു.

*CML 29 /2017* **റിപ്പോർട്ട്**

മെയ് 15-ന് മുമ്പായി മേഖലകൾ ശാഖാ റിപ്പോർട്ടുകൾ രൂപതയിൽ സമർപ്പിക്കേണ്ടതാണ്. മേഖലാ റിപ്പോർട്ട് രൂപതയിൽ സമർപ്പിക്കേണ്ട അവസാനദിവസം മെയ് 30-ാം തീയതിയാണ്.

*CML 30 /2017* **ചെറുസൂനം ക്വിസ് രൂപതാതല വിജയികൾ**

UP I അലീന ജോബി, മാലിപ്പാറ
II റാണി മരിയ ജോസ്, ആരക്കുഴ
III ഹെലൻ പെൽസൺ, പൈങ്ങോട്ടൂർ
ക്രിസ്ബിൻ, പൈങ്ങോട്ടൂർ

HS I സോന ഷാജി നെയ്യശ്ശേരി
II ആൽഫി റോയി, മാലിപ്പാറ
III ഡോൺ സാവിയോ ജോർജ്, കുളപ്പുറം

*CML 31 /2017* **വെബ്സൈറ്റ്**

ഓരോ ശാഖ/യൂണിറ്റിലെയും അംഗങ്ങളുടെ പേരുവിവരങ്ങൾ ഈ വെബ്സൈറ്റിൽ ചേർക്കേണ്ടതാണ്. വെബ്സൈറ്റ്: www.cmlkcslkothamangalam.com

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 22/2017* **ന്യൂമാൻ കോളേജ് ആക്രമണത്തിൽ പ്രതിഷേധം**

4-4-2017-ൽ നടന്ന ന്യൂമാൻ കോളേജ് ആക്രമണത്തിൽ പ്രതിഷേധം അറിയിക്കുവാനായി 8-4-17-ൽ തൊടുപുഴയിൽ നടന്ന പ്രതിഷേധ റാലിയിൽ മിക്കവാറും എല്ലാ ഇടവകകളിൽ നിന്നും DFC പ്രവർത്തകർ പങ്കെടുത്തു. രൂപതാ DFC-യും ദീപിക ദിനപ്പത്രവും കോളേജിന് ശക്തമായ പിന്തുണ നൽകി. എല്ലാവർക്കും പ്രത്യേകം നന്ദി.



*DFC 23/2017* **ഷെയർ ഹോൾഡേഴ്സ് യോഗങ്ങൾ**

ദീപികയുടെ ഷെയർ ഹോൾഡേഴ്സ് ഫൊറോന തല മീറ്റിംഗുകൾക്ക് ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകുമല്ലോ. ഓരോ ഫൊറോനയിലെയും വികാരിയച്ചന്റെയും DFC ഡയറക്ടറുടെയും നേതൃത്വത്തിലാണ് ഈ യോഗങ്ങൾ നടക്കുക.

*DFC 24/2017* **ദീപികയുടെ പരസ്യ ബോർഡുകൾ**

എല്ലാ ഇടവകകളിലും ഓരോ ദീപിക പരസ്യബോർഡെങ്കിലും സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും. ഇതിനായി ആഗ്രഹിക്കുന്ന ഇടവകകൾക്ക് വേണ്ട ക്രമീകരണ സഹായങ്ങൾ നൽകാൻ രൂപതാ ടീം സജ്ജമാണ്.

*DFC 25/2017* **ദീപിക ഫോളോഅപ്പ് പ്രോഗ്രാം**

DFC അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ഫോളോ അപ്പ് പ്രോഗ്രാം. പല ഘട്ടങ്ങളിലായി ഇതിന്റെ പ്രവർത്തനങ്ങൾ നടത്താൻ ആഗ്രഹിക്കുന്നു. അതിനായി വികാരിയച്ചന്മാരുടെയും DFCഭാരവാഹികളുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും കുടുംബ കൂട്ടായ്മ ഭാരവാഹികളുടെയും സജീവ സഹകരണം പ്രതീക്ഷിക്കുന്നു.

**സാധ്യതകൾ**

1. മാസാവസാന ഞായറാഴ്ച അറിയിപ്പിൽ പത്രം തുടരണം എന്നും സ്കീം അവസാനിച്ചവർ monthly ആയി ഏജൻസി വഴി പണം അടച്ച് പത്രം വരുത്തുന്നത് തുടരണം എന്നും ആവശ്യപ്പെടുക.
2. പാരീഷ് കൗൺസിൽ മീറ്റിംഗുകളിൽ ദീപികയുടെ വളർച്ചയും നിലവിലെ പ്രതിസന്ധികളും ചർച്ച ചെയ്യുകയും ക്രിയാത്മക നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും DFC രൂപതാ ഡയറക്ടറെയോ ഭാരവാഹികളെയോ അറിയിക്കുകയും ചെയ്യുക.
3. മാസത്തിലൊരിക്കലെങ്കിലും DFC ഇടവകതല യോഗങ്ങൾ ചേരുക.
4. സാധ്യമാകുന്ന ലോക്കൽ വാർത്തകൾ ദീപികയിലേക്ക് വിളിച്ചറിയിക്കുകയോ ഇ-മെയിൽ ചെയ്യുകയോ ചെയ്യുക.

*Co-ordinator*

## യുവദീപ്തി

*YD 10 /2017* **രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി**

യുവദീപിതി- KCYM കോതമംഗലം രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം ഏപ്രിൽ 8-ാം തീയതി മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളിയിൽ വച്ച് നടത്തി. കോതമംഗലം രൂപത ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി റവ. ഡോ. ജോർജ് താനത്തുപറമ്പിൽ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളി വികാരി റവ. ഫാ. പോൾ നെടുമ്പുറത്ത് 2017 പ്രവർത്തനവർഷത്തെ കർമ്മ പദ്ധതി "കൈനോസ്" പ്രകാശനം ചെയ്തു.

ഇൻഡ്യൻ കാത്തലിക് യൂണിയൻ യൂത്ത് കോ-ഓർഡിനേറ്റർ ബന്നി ആന്റണി ക്ലാസ്സ് നയിച്ചു.

*Director*

## ജീസസ് യൂത്ത്

*JY 10 /2017* **സോണൽ ടീം Reconstitution**

കോതമംഗലം ജീസസ് യൂത്തിനെ അടുത്ത രണ്ട് വർഷം നയിക്കുന്നതിനുള്ള നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനുള്ള സോണൽ ടീം Reconstitution മെയ് 13-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ നെസ്റ്റിൽ വച്ച് നടത്തുന്നു.

*JY 11 /2017* **മലയാറ്റൂർ തീർത്ഥാടനം**

കോതമംഗലം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ മലയാറ്റൂർ കാൽനടയാത്ര ദുഃഖവെള്ളിയാഴ്ച വൈകിട്ട് 5.00 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽനിന്ന് ആരംഭിച്ച് ദുഃഖശനിയാഴ്ച രാവിലെ 10.00 മണിയോടുകൂടി തിരിച്ചെത്തി. ഇരുപതോളം യുവജനങ്ങൾ പങ്കെടുത്തു.

*JY 12 /2017* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ഏപ്രിൽ 27-ാം തീയതി വെള്ളിയാഴ്ച 6.00 pm മുതൽ 12.00 am വരെ നെസ്റ്റിൽ വച്ച് നടന്നു. അടുത്ത നൈറ്റ് വിജിൽ മെയ് 12-ാം തീയതി വെള്ളിയാഴ്ചയായിരിക്കും.

*Animator*



## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 18 /2017* **ലീഡേഴ്സ് ധ്യാനം**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ രൂപത, ഫൊറോന, ഇടവക വാർഡ് ലീഡേഴ്സിന്റെ ധ്യാനം മുതലക്കോടം 'സാപിയൻസിയ' സെന്ററിൽ വച്ച് മെയ് 26 വെള്ളിയാഴ്ച 3.30-ന് ആരംഭിച്ച് ഞായറാഴ്ച 3.30-ന് അവസാനിക്കുന്നു.

*FA 19 /2017* **രൂപതാ എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് മെയ് 19-ന് രാവിലെ 9.30 മുതൽ 3.00 മണി വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നു.

*FA 20 /2017* **മലേക്കുരിശ് തീർത്ഥാടനം**

ഏപ്രിൽ 7-ന് മൂവാറ്റുപുഴ ഹോളി മാഗി പള്ളിയിൽ നിന്നും ആരംഭിച്ച ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം ഭക്തിപൂർവ്വം നടത്തുവാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

ന്യൂമാൻ കോളേജിൽ നടന്ന അക്രമ പ്രവർത്തനങ്ങളിൽ പ്രതിഷേധിച്ചു നടത്തിയ റാലിയിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി.

*FA21 /2017* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| May | 3 - 5 | - | NESTT |
| " | 17 - 19 | - | NESTT |

*FA 22 /2017* **Marriage Preparation Course in Kerala, May 2017**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alapppuzha 8113934970 | 5-7 | | | |
| Changanachery 0481-2424476, 9495509843 | 1-3 | 8-10 | 15-17 | 29-31 |
| Ernakulam (Kaloor) 0484-2533077 | | 8-10 | 15-17 | 22-24, 29-31 |
| Ernakulam (Kalady) 0484-2462607 | 2-4 | 16-18 | | 23-25 30-1 |
| Idukki 04864222632, 9446837178 | 1-3 | | | 22-24 |
| Irinjalakuda 0480-2880439, 9447992216 | | 8-10 | 15-17 | 22-24 |
| Kanjirappally 0482-8205628, 9497096431 | 1-3 | | 18-20 | 25-27 |

| | | | | |
|---|---|---|---|---|
| Kochi (Latin) 0484-2328077, 8547723791 | | 11-14 | | |
| Kollam (Latin) 0474-2749349, 9645671314 | | 10-12 | | 24-26 |
| Kothamangalam 0485-2830033, 9497559766 | 3-5 | | 17-19 | |
| Kottappuram (Latin) 0480-2807733 | 3-5 | | | |
| Kottayam 04812790947, 9495080049 | | 11-13 | | |
| Mananthavady 04935241335, 9567764944 | | | 7-10 | 26-29 |
| Mavelikkara (Malankara) 9447280528 | | 12-14 | | |
| Neyyattinkara (Latin) 9447005093 | | 10-12 | | |
| Pala 0482-2210049 | | 8-10 | | 22-24 |
| Palakkad 8281340073 | 1-4 | | | |
| Pathanmthitta 9446171556 | | 12-14 | | |
| Thalassery 04902343414, 9656862148 | 2-4 | | 16-18 | 23-25 |
| Thamarassery 04952730860 | | 10-13 | | |
| Thiruvalla 9895556074 | | 9-11 | | 23-25 |
| Thiruvanathapuram (Latin) 9447429407 | 5-7 | | | 22-24 |
| Thiruvanathapuram (Malankara) 0471-2393679 | | 12-14 | | |
| Thrissur 0487-2336066, 9605043327 | 3-5 | 10-12 | 17-19 | 24-26<br>31-2 |
| Varappuzha 0484-2393739, 9447817698 | 5-7 | | 19-21 | |
| Vijyapuram 9447182300 | | 11-13 | | 25-27 |

*Director*

## മാതൃവേദി

*MV 17 /2017* **മലേക്കുരിശ് തീർത്ഥാടനം**

ഏപ്രിൽ 7-ന് നടത്തിയ മലേക്കുരിശ് തീർത്ഥാടനത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി.

*MV 18 /2017* **ഉണർവ്വ് 2017**

ഏപ്രിൽ 25-ന് ഉണർവ്വ് പ്രോഗ്രാം മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രാവിലെ 9.30-ന് ആരംഭിച്ചു.



*MV 19 /2017* **റീജിയണൽ മീറ്റ്**

എറണാകുളം, ഇടുക്കി, കോതമംഗലം രൂപതകൾ ഒന്നിച്ച് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് മെയ് 23-ാം തീയതി റീജിയണൽ മീറ്റ് നടത്താൻ തീരുമാനിച്ചു. രൂപത, ഫൊറോന, ഭാരവാഹികളും ഇടവക പ്രസിഡന്റും സെക്രട്ടറിയും ഈ മീറ്റിംഗിൽ പങ്കെടുക്കുന്നതാണ്.

*Director*

## D.C.M.S.

*DCMS 4 /2017* **ജീവിത ദർശനക്യാമ്പ്**

DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 4-ാം ക്ലാസ്സുമുതൽ ഡിഗ്രി വരെയുള്ള DCMS കുട്ടികൾക്കായി 2017 മെയ് 25, 26, 27, 28 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽവച്ച് ജീവിതദർശനക്യാമ്പ് നടത്തുന്നു. പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾ നയിക്കുന്നതായിരിക്കും. മെയ് 25-ന് 10.00 am-ന് ആരംഭിച്ച് 28-ന് ഉച്ചയോടുകൂടി അവസാനിക്കുന്നു. 27-ാം തീയതി 10 മണിമുതൽ 28-ന് ഉച്ചവരെ കുട്ടികളുടെ മാതാപിതാക്കളും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. ബ. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കുമല്ലോ.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 8 /2017* **അംഗത്വവിതരണഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസ്സ് 2018-ൽ അതിന്റെ ശതാബ്ദി ആഘോഷിക്കുകയാണ്. അതിന്റെ ഭാഗമായി കൂടുതൽ സഭാമക്കളെ ഈ സംഘടനയിൽ അംഗങ്ങളാക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് കേന്ദ്രസമിതി തീരുമാനിച്ചു. അംഗത്വവിതരണത്തിന്റെ കേന്ദ്രതല ഉദ്ഘാടനം സീറോ മലബാർ സഭയുടെ തലവൻ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവ് 12-03-2017-ൽ സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ വച്ച് നിർവ്വഹിച്ചു.

കത്തോലിക്കാ കോൺഗ്രസ്സിലേക്കുള്ള അംഗത്വവിതരണത്തിന്റെ

കോതമംഗലം രൂപതാതല ഉദ്ഘാടനം 03-04-2017-ൽ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മുൻ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജോളി വട്ടക്കുഴിയ്ക്ക് അംഗത്വം നല്കികൊണ്ട് നിർവഹിച്ചു.

സമുദായത്തേയും സമൂഹത്തേയും സംരക്ഷിക്കുവാനും ശക്തിപ്പെടുത്തുവാനും നയിക്കുവാനും കത്തോലിക്കാ കോൺഗ്രസ്സ് ശക്തിപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും കൂടുതൽ സഭാമക്കൾ കത്തോലിക്കാ കോൺഗ്രസ്സിൽ അണിചേർന്ന് ഇന്ന് നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ശക്തരാകണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

Director

## പ്രാർത്ഥനാഗ്രൂപ്പ്

*PG 4/2017* **മൂവാറ്റുപുഴ മേഖല ബൈബിൾ കൺവെൻഷൻ**

കോതമംഗലം കരിസ്മാറ്റിക് സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ കാരക്കുന്നം സെന്റ് മേരീസ് പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് സായാഹ്ന ബൈബിൾ കൺവെൻഷൻ "ആത്മാഭിഷേക ബൈബിൾ കൺവെൻഷൻ" എന്ന പേരിൽ നടത്തുന്നു.

മെയ് 10 ബുധൻ മുതൽ 14 ഞായർ വരെ റവ. ഫാ. അലോഷ്യസ് കുളങ്ങരയുടെ നേതൃത്വത്തിലാണ് കൺവെൻഷൻ നടത്തുന്നത്.

കൺവെൻഷന്റെ വിജയത്തിനായുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും മറ്റ് പ്രവർത്തനങ്ങളും നടന്നുവരുന്നു.

Director

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 18/2017* **ഭവനനിർമ്മാണം**

കോതമംഗലം രൂപതയുടെ അല്മായ ഫ്രാൻസിസ്കൻ സഭാംഗങ്ങളുടെ സഹകരണത്തോടെ ആനിക്കാട് ഇടവകയിൽ ഭവനരഹിതനായ ഒരു വ്യക്തിക്കുവേണ്ടി ഭവനനിർമ്മാണം പുരോഗമിക്കുന്നു.



*SFO 19/2017* **രാത്രി ആരാധന**

ഏപ്രിൽ 7-ാം തീയതി തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വച്ച് അല്മായ ഫ്രാൻസിസ്കൻ സഭാംഗങ്ങളുടെ രാത്രി ആരാധന നടന്നു. മെയ് മാസത്തിലെ രാത്രി ആരാധന 5-ാം തീയതി നടത്തുന്നതാണ്. മരിയൻ ഫ്രട്ടേണിറ്റിയുടെ ഈ മാസത്തെ പ്രാർത്ഥനാകൂട്ടായ്മ ഏപ്രിൽ 21-ന് തൊടുപുഴ സേവ്യേഴ്സ് ഹോമിൽ വച്ച് നടത്തി.

Director

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 8 /2017* **ഭവന നിർമ്മാണം**

മാറിക സെന്റ് ജോസഫ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. നാലുലക്ഷം രൂപ ചെലവിലാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചത്.

മൂവാറ്റുപുഴ ഹോളി മാഗി കോൺഫ്രൻസിന്റെ നേതൃത്വത്തിൽ മണിയാങ്കലിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. 2.40 ലക്ഷം രൂപ ചെലവായി.

പെരിങ്ങഴ സെന്റ് ജോസഫ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ 38 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച നാല് കാരുണ്യഭവനങ്ങളുടെ താക്കോൽദാനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. ഒരുവർഷംകൊണ്ടാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയത്.

ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ് 5.25 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ്കർമ്മം അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു. ഈ വർഷം കോൺഫ്രൻസ് നിർമ്മിച്ചുകൊടുക്കുന്ന രണ്ടാമത്തെ കാരുണ്യഭവനമാണിത്.

*SV 9 /2017* **എസി പ്രസിഡന്റ്**

കീരംപാറ എസി പ്രസിഡന്റായി ജോസഫ് സി. ചിറ്റൂപറമ്പിൽ തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ ആറുവർഷമായി പ്രസിഡന്റായിരുന്ന

ജോജി സ്കറിയ മുക്കാലിവീട്ടിലിനെ സിസി മെമന്റോ നൽകി ആദരിച്ചു.

*SV 10 /2017* **എസി വാർഷികങ്ങൾ**

കോതമംഗലം സിസിയുടെ കീഴിലുള്ള 12 ഏരിയാ കൗൺസിലുകളുടെയും വാർഷികങ്ങൾ പൂർത്തിയായി. വാർഷികത്തിൽ വച്ച് കോൺഫ്രൻസുകളുടെ വാർഷിക കണക്കും റിപ്പോർട്ടും വായിച്ച് പാസ്സാക്കി. ബന്ധപ്പെട്ട ഏരിയാ കൗൺസിലുകളുടെ ആദ്ധ്യാത്മിക ഉപദേഷ്ടാക്കൾ, സിസി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

*SV 11 /2017* **പഠനോപകരണങ്ങളുടെ വിതരണം**

പൂയംകുട്ടി സെന്റ് ജോർജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ഇടവകയിൽപ്പെട്ട 35 കുട്ടികൾക്ക് മേശയും കസേരയും വിതരണം ചെയ്തു. എൺപതിനായിരം രൂപയുടെ വിദേശ സഹായത്തോടെ നടപ്പാക്കിയ പദ്ധതിക്ക് 1.5 ലക്ഷം രൂപ ചെലവായി. ഇടവക വികാരി ഫാ. അഗസ്റ്റിൻ പടിഞ്ഞാറേക്കുറ്റ്, എസി പ്രസിഡന്റ് ജോജി സ്കറിയ, കോൺഫ്രൻസ് പ്രസിഡന്റ് ബെന്നി മാട്ടേൽ, അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

*Animator*

## കേരള ലേബർ മൂവ്മെന്റ്

*KLM 9 /2017*

കേരള ലേബർ മൂവ്മെന്റ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ മെയ് 1-ന് സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. ഉച്ചകഴിഞ്ഞ് 2.00 മണിക്ക് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കോതമംഗലം രൂപതയിലെ എല്ലാ KLM യൂണിറ്റ് ഭാരവാഹികളും തൊഴിലാളി ഫോറങ്ങളുടെ പ്രസിഡന്റുമാരും പങ്കെടുക്കുന്നതാണ്.

ലേബർ മൂവ്മെന്റിന്റെ സർവ്വേ പൂർണ്ണമായ ഇടവകകളിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന നിർമ്മാണ തൊഴിലാളികൾ,



തയ്യൽ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ എന്നിവരുടെ ഫോറം രൂപീകരിക്കുന്നതിനും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കുന്നതിനും തീരുമാനിച്ചു.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| May | 1 - 2 | - ജീവിത ദർശൻ KCYM |
| " | 1 | - മെയ്ദിന സമ്മേളനം |
| " | 3 - 5 | - വിവാഹഒരുക്ക സെമിനാർ |
| " | 5 - 6 | - SSA Teachers' Training |
| " | 13 - 14 | - വിൻസെന്റ് ഡി പോൾ ധ്യാനം |
| " | 13 - 14 | - CML State Camp |
| | 17 - 19 | - വിവാഹഒരുക്ക സെമിനാർ |
| " | 21 | - വിജ്ഞാനഭവൻ HM സെമിനാർ |
| " | 23 | - Syro Malabar National Mathruvedi Regional Meeting |
| " | 25 - 28 | - DCMS ധ്യാനം |
| " | 28 | - വിൻസെന്റ് ഡി പോൾ വാർഷികം |

*Director*

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച്**

20 • നെല്ലിമറ്റം പ്രതീക്ഷാ ഭവനിൽ വി. കുർബാന അർപ്പിച്ചു.

20-21 • വിജയപുരം രൂപതയിൽ വച്ച് നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

22 • മാറികയിലുള്ള ആരാധനാമഠത്തിൽ വി. കുർബാനയർപ്പിച്ചു.

• തിരുഹൃദയസന്യാസിനി സഭാംഗമായ സി. ജോസ് മേരി SH -ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് തിരുഹൃദയ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 • തവളപ്പാറ സെന്റ് ജോസഫ് പള്ളിയിലെ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 • മൂവാറ്റുപുഴ നിർമ്മല കോളേജിൽ പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും തുടർന്നു നടന്ന 'സ്റ്റാഫ് ഡേ' യുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

28 • "Care a Family"- യുടെ Directors' Board Meeting-ൽ അദ്ധ്യക്ഷത വഹിച്ചു.

29 • കോതമംഗലം CMC Provincial House -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• ആനിക്കാട് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും താക്കോൽദാനം നടത്തുകയും ചെയ്തു.

• കർമ്മലീത്ത സന്യസിനി സഭാംഗമായ സി. റൊമുവാൾഡ് സി. എം.സി.യുടെ മൃതശരീരത്തിങ്കൽ വാഴക്കുളം കർമ്മലീത്താ മഠം കപ്പേളയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

30 • കറുകടം FCC മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• കരിമണ്ണൂർ സെന്റ് ജോസഫ് ഹയർസെക്കന്ററി സ്കൂളിന്റെ നേതൃത്വത്തിൽ "സഹപാഠിക്കൊരു സ്നേഹവീട്' എന്ന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽ ദാനം നിർവഹിച്ചു.

**ഏപ്രിൽ**

2 • ആരാധനാസന്യാസിനി സഭാംഗമായ സി. ക്രൂസ്മരിയ SABS -ന്റെ മൃതശരീരത്തിങ്കൽ മാറിക ആരാധനമഠം കപ്പേളയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

3 • കോതമംഗലം മൈനർ സെമിനാരിയിൽ ദൈവവിളിക്യാമ്പിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

• 2017-2018 അദ്ധ്യയന വർഷത്തിൽ മൈനർ സെമിനാരിയിൽ പ്രവേശനത്തിനുള്ള ഇന്റർവ്യൂ നടത്തി.

4 • രാമല്ലൂർ സാൻജോ ഭവനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.



6 • കത്തീഡ്രലിൽ നാല്പതുമണി ആരാധനയുടെ സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

7 • അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ നേതൃത്വത്തിൽ രൂപതാസമൂഹമൊന്നൊകെ നടത്തിയ തീർത്ഥാടനത്തിന്റെ ഓർമ്മ പുതുക്കിക്കൊണ്ട്, നാല്പതാം വെള്ളി ആചരണത്തോടനുബന്ധിച്ച് രൂപതാതലത്തിൽ ആരക്കുഴ-മലേക്കുരിശ് തീർത്ഥാടനം നടത്തി. രാവിലെ 8.30-ന് മൂവാറ്റുപുഴ ഹോളിമാഗി ദൈവാലയത്തിൽ നിന്നും കാൽനടയായി, ജപമാല ചൊല്ലിക്കൊണ്ട് മലേക്കുരിശിലേക്ക് തീർത്ഥാടനം നടത്തുകയും തുടർന്ന് മലേക്കുരിശ് അടിവാരത്തിൽ നിന്നും കുരിശിന്റെ വഴി ചൊല്ലി മല കയറുകയും ചെയ്തു. മലമുകളിൽ എത്തിയശേഷം അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയർപ്പിച്ചു. 2500 -ഓളം വിശ്വാസികൾ തീർത്ഥാടനത്തിൽ പങ്കെടുത്തു.

• വണ്ടമറ്റം ഇടവകയിൽ നടത്തിയ പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപനത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി.

8 • ജീവമിൽക്കിന്റെ നേതൃത്വത്തിൽ കോഴിപ്പിള്ളിയിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് കോതമംഗലം രൂപതയ്ക്കും ഇറ്റാനഗർ രൂപതയ്ക്കുമായി 7 വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി.

9 • പൂയംകുട്ടി, സെന്റ് ജോർജ് ഇടവകയിൽ ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 • കത്തീഡ്രൽ ദൈവാലയത്തിൽ വി. മൂറോൻ കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

11 • വിജയപുരം രൂപതയിലെ വൈദികദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

13 • പെസഹാ വ്യാഴാഴ്ച കാലുകഴുകൽ കർമ്മത്തിനും വി. കുർബാനയ്ക്കും കത്തീഡ്രൽ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

14 • ദുഃഖവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്ക് കടവൂർ സെന്റ് ജോർജ് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• കത്തീഡ്രൽ ഇടവകയിൽ നടത്തിയ പരിഹാര പ്രദക്ഷിണത്തിൽ പങ്കെടുത്തു.

15 • വലിയ ശനിയാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുള്ളരിങ്ങാട് സെന്റ് മേരീസ് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

16 • ഉയിർപ്പു ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് ഞാറക്കാട്, സെന്റ് ജോസഫ് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## Bishop's Engagements

**May 2017**

| | | | | |
|---|---|---|---|---|
| 1 | Mon | Engaged | | |
| 2 | Tue | SH Vestition | Cathedral | 9.30 am |
| 3 | Wed | Minor Orders & Vestition | Cathedral | 10.00 am |
| 4 | Thu | CMC Vestition | Cathedral | 10.00 am |
| 6 | Sat | Holy Qurbana | Karukadam | 6.15 am |
| | | Meeting | NESTT | 9.00 am |
| | | Baptism | Inchoor | 11.30 am |
| 7 | Sun | Engaged | | |
| 8 | Mon | Baptism | Vannapuram | 8.00 am |
| | | Church Blessing | Kallelimedu | 2.00 pm |
| 9 | Tue | Holy Mass | MSJ Hospital, Klm. | 5.30 pm |
| 10 | Wed | Baptism | Perumballoor | 9.00 am |
| 11 | Thu | Faridabad Minor Seminary | | |
| | | Inauguration | Thommankuthu | |
| 13 | Sat | Mission League Camp | NESTT | 10.30 am |
| | | Blessing | Purapuzha | 3.00 pm |
| 18 | Thu | Graduation & Lamp lighting | Muthalakodam | 10.00 am |
| | | Blessing | Thodupuzha | 3.00 pm |
| 20 | Sat | MSJ Final Profession | Kothamangalam | 10.30 am |
| 23 | Tue | Meeting Mathruvedhi | | 10.00 am |
| 28 | Sun | Meeting Vincent De Paul | | |
| | | Central Committee | Kothamangalam | 2.30 pm |



## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോസ് പീച്ചാട്ട് | ” | 11-06-2016 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |

## നിര്യാതരായി

### റവ. സി. റോസ് മേരി SH (വടക്കേപ്പറമ്പിൽ)

ഇടവക : മൈലക്കൊമ്പ്
ജനനം : 23-08-1921
ആദ്യവ്രതം : 10-05-1949
നിത്യവ്രതം : 05-05-1955
മരണം : 20-03-2017
മൃതസംസ്കാരം : 22-03-2017 (മൈലക്കൊമ്പ്)

### റവ. സി. ക്രൂസ് മരിയ SABS (ചിറപ്പുറത്ത്)

ഇടവക : കലയന്താനി
ജനനം : 22-06-1948
ആദ്യവ്രതം : 24-04-1967
നിത്യവ്രതം : 24-04-1972
മരണം : 01-04-2017
മൃതസംസ്കാരം : 02-04-2017 (മാറിക)

### റവ. സി. സിൽവിയ SH (കരിങ്ങോത്തുപറമ്പിൽ)

ഇടവക : കരിമണ്ണൂർ
ജനനം : 02-04-1938
ആദ്യവ്രതം : 02-05-1961
നിത്യവ്രതം : 02-05-1964
മരണം : 21-04-2017
മൃതസംസ്കാരം : 22-04-2017